## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5650 — 03.11.2016-ൽ മറുപടിക്ക്

# ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കായി ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത സ്കീമിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിവരിക്കുമോ; | ബി) | പ്രസ്തുത സ്കീമിന്റെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.<br>1. പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br>2. പെൺകുട്ടി ജനിച്ച് 18 വയസ് തികയുമ്പോൾ 3 ലക്ഷം രൂപ ലഭിക്കുന്നതാണ്.<br>3. പെൺകുട്ടി ജനിച്ച് 18 വയസ് തികയുന്ന കാലയളവ് വരെ 4 ഘട്ടങ്ങളായി പെൺകുട്ടിയുടെ പേരിൽ സർക്കാർ തുക നിക്ഷേപിക്കുന്നതാണ്. മൂന്ന് മുതൽ ആറ് മാസം വരെ പ്രായം ആകുമ്പോൾ പെൺകുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തി ആദ്യ ഘട്ടം നിക്ഷേപിക്കുന്നു. പെൺകുട്ടികൾക്ക് സ്കൂളിൽ പ്രവേശനം ലഭിച്ചതിനും ആവശ്യമായ പ്രതിരോധ കുത്തിവയ്പ്പുകളും മെഡിക്കൽ പരിശോധനകളും നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി രണ്ടാം ഘട്ടം നിക്ഷേപിക്കുന്നു. അഞ്ചാം ക്ലാസ് പാസായി എന്ന് ഉറപ്പ് വരുത്തി മൂന്നാം ഘട്ടം നിക്ഷേപിക്കുന്നു. സെക്കന്ററി ഘട്ടത്തിലെ പഠനം പൂർത്തീകരിച്ചുവെന്ന് ഉറപ്പ് വരുത്തി നാലാം ഘട്ടവും നിക്ഷേപിക്കുന്നു.<br>4. പെൺകുട്ടികൾക്ക് ലഭിക്കുന്ന തുക തുടർ പഠനത്തിനും വിവാഹാവശ്യങ്ങൾക്കും വിനിയോഗിക്കാവുന്നതാണ്. |
| സി) | സ്കീം നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | പ്രസ്തുത സ്കീം അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനായി 2017-18 വർഷം മുതൽ ആസൂത്രണ, ധനകാര്യ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**